# ഭാഗം 22 സംക്ഷേപണം, പരാവർത്തനം, വിപുലനം

**ഉള്ളടക്കം**


| | |
|---|---|
| 22.0 | ഉദ്ദേശ്യ ലക്ഷ്യങ്ങൾ |
| 22.1 | വിഷയാവതരണം |
| 22.2 | സംക്ഷേപണം |
| | സംക്ഷേപിച്ചുശീലിക്കുന്നതിന് മാതൃകകൾ |
| 22.3 | വിപുലനം |
| | വിപുലനം ചെയ്തുശീലിക്കുവാനുള്ള സാമഗ്രികൾ. |
| 22.4 | പരാവർത്തനം |
| | പരാവർത്തനം ചെയ്തുശീലിക്കുന്നതിനുള്ള സാമഗ്രികൾ. |
| 22.5 | പാഠസംഗ്രഹം |
| | പുരോഗതി സ്വയം പരിശോധിക്കുക — 1 |
| 22.6 | പുരോഗതി സ്വയം പരിശോധിക്കുക — ഉത്തരം |


## 22.0. ഉദ്ദേശലക്ഷ്യങ്ങൾ :

ഭാഷയ്ക്ക് ഗദ്യശൈലിയും പദ്യശൈലിയുമുണ്ട്. ഗദ്യത്തിൽ എഴുതിയ ഒരുഭാഗം-അത് സാഹിത്യപരമായ വിഷയത്തെ അധികരിച്ചെഴുതിയ ലേഖനമാകട്ടെ അഥവാ നിവേദനമോ, മെമ്മോറാണ്ഡമോ ആകട്ടെ ശ്രദ്ധിച്ച് വായിച്ച് ഉള്ളടക്കം അക്കമിട്ട് പറയുവാൻ ഉള്ള കഴിവ് സമാർജ്ജിക്കേണ്ടത് അത്യാവശ്യമാണ്. വലിയ വലിയ കമ്പനികളിലും സർക്കാർ ആപ്പീസുകളിലും ദിവസേന അനവധി നിവേദനവും, മെമ്മോറാണ്ഡവും, കത്തും വന്നുകൊണ്ടിരിക്കും. ഇവയൊക്കെ പൂർണ്ണമായും വായിച്ചു നോക്കാൻ മേലുദ്യോഗസ്ഥന് സമയം ഉണ്ടാവില്ല. കൃത്യമായും, സത്യസന്ധമായും നിവേദനങ്ങളിലും മറ്റും തീർപ്പുകല്പിക്കുവാൻ അവയിൽ ഉന്നയിച്ചിരിക്കുന്ന

കാര്യങ്ങളെക്കുറിച്ച് പൂർണ്ണമായ അറിവുണ്ടായിരിക്കേണ്ടതാണ്. ആയതിലേക്ക് അവയുടെ സംക്ഷേപണം ആപ്പീസ് ജോലിക്ക് ഒഴിച്ചുകൂടാതായിത്തീരുന്നു. ആശയം ഒന്നുംതന്നെ ചോർന്നു പോകാതെ ലളിതമായ ഭാഷയിൽ ഒതുക്കിപ്പറയാനുള്ള കഴിവാണ് സംക്ഷേപണം തയ്യാറാക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ടത്. ഭാഷയുടെ വ്യാവഹാരികതലവുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. അതുമായി വിദ്യാർത്ഥികളെ പരിചയപ്പെടുത്തുകയെന്നതാണ് ഈ ഭാഗത്തിന്റെ ഒന്നാമത്തെ ഉദ്ദേശ്യം. കവിത നന്നായി വായിച്ചു മനസ്സിലാക്കാൻ കഴിഞ്ഞാൽ, കവിതയുടെ സ്വാരസ്യവും ആശയവും പദ്യശൈലിയിലൂടെ ശരിക്ക് മനസ്സിലാക്കാൻ കഴിയാത്തവർക്കുപോലും മനസ്സിലാകത്തക്കവിധത്തിൽ ഗദ്യത്തിൽ അവതരിപ്പിക്കാൻ കഴിയുക എന്നത് ഒരു സിദ്ധിയാണ്. നിരന്തരം കവിതവായിച്ചാലുണ്ടാകുന്ന സംസ്കാരവും ഭാഷാസ്വാധീനവും ഉള്ളവരിലേ ഇത് കാണുകയുള്ളു. കവിതയുടേയോ, കവിതാശകലത്തിന്റേയോ ആശയം വിശദമാക്കുന്ന ഈ സമ്പ്രദായം വ്യാഖ്യാനത്തിൽനിന്നും ഭിന്നമാണ്. വ്യാഖ്യാതാവിന് സ്വാതന്ത്ര്യമുണ്ട്. തനിക്ക് ശരിയെന്നുതോന്നിയ വിധത്തിൽ വ്യാഖ്യാനിക്കാം. കവി ഉദ്ദേശിച്ചതുമാത്രമേ പരാവർത്തനം ചെയ്യുന്ന ആൾ പറയാവൂ. അതും സാധാരണ ഗദ്യത്തിൽ, കർത്തൃകർമ്മ ക്രിയാരീതിയിൽ അന്വയിപ്പിച്ചാൽ കിട്ടുന്നതുമാത്രം. കവിതാഖണ്ഡത്തെയോ മഹദ്വാക്യത്തേയോ, പഴമൊഴിയേയോ വായിച്ചു മനസ്സിലാക്കി മറ്റുള്ളവർക്ക് മനസ്സിലാക്കാൻ ലളിതമായ ഭാഷയിൽ പറയാനും ഒരു പ്രത്യേകതരം കഴിവുവേണം. സൂക്ഷ്മനിരീക്ഷണവും ബുദ്ധികൂർമ്മതയും ഇതിന് ആവശ്യമാണ്. താൻ ഗ്രഹിച്ച ആശയത്തെ തെഴുപ്പിച്ചെടുക്കുന്ന സമ്പ്രദായത്തിന് വിപുലനമെന്നാണ് പറയുന്നത്. അദ്ധ്യാപന രംഗത്തും, പൊതുവേദിയിലും പ്രവർത്തിക്കുന്നവർക്ക് പരാവർത്തനം ചെയ്യാനും, വിപുലനം ചെയ്യാനുമുള്ള കഴിവ് ഒരു അനുഗ്രഹമായിരിക്കും. പരാവർത്തനവും വിപുലനവും എന്താണെന്ന് വിദ്യാർത്ഥികളെ സോദാഹരണം മനസ്സിലാക്കിക്കുവാനാണ് ഒടുവിൽ ശ്രമിച്ചിട്ടുള്ളത്. ഭാഷയിൽ പ്രചാരമുള്ള പഴമൊഴികളും പ്രസിദ്ധ കവികളുടെ പദ്യശകലങ്ങളും മികച്ച എഴുത്തുകാരുടെ ഗദ്യഭാഗവും ലക്ഷ്യമാക്കിയാണ് ഇവ കൈകാര്യം ചെയ്തിരിക്കുന്നത്.

**വിഷയവസ്തു.**

സംക്ഷേപണം
പരാവർത്തനം
വിപുലനം

## 22.1. വിഷയാവതരണം:

ഗദ്യശൈലിയും പദ്യശൈലിയും എന്താണെന്ന് കഥയും കവിതയും വായിച്ചിട്ടുള്ള നിങ്ങൾക്കറിയാം. ഒരു ഉപന്യാസത്തിന്റെ വാക്യഘടനയും, കവിതയുടെ വാക്യഘടനയും തമ്മിൽ പ്രകടമായ വ്യത്യാസമുണ്ട്.ഗദ്യവും പദ്യവും ഒരുപോലെ ആകർഷകമാണെങ്കിലും കവിതക്ക് ഹൃദയദ്രവീകരണ ശേഷിയുണ്ട്. ഒരിക്കൽ വായിച്ച കവിതയിലെ പലവരികളും മനസ്സിൽ മുഴങ്ങികൊണ്ടിരിക്കും. മുത്തശ്ശിമാരിൽ നിന്നും കേട്ടിട്ടുള്ള പഴഞ്ചൊല്ലുകൾ പലപ്പോഴും മനസ്സിൽ തേട്ടിവരാറുണ്ട്. വായിക്കാനിടവന്നിട്ടുള്ള മഹദ്വാക്യങ്ങൾ ഓർക്കാപ്പുറത്ത് നാവിൻതുമ്പത്ത് തത്തിക്കളിക്കുന്നതുപോലെ നിങ്ങൾക്ക് തോന്നിയിരിക്കാം. കവിതാശകലത്തിന്റെ ആശയവും മഹദ്വാക്യത്തിന്റേയോ പഴഞ്ചൊല്ലിന്റേയോ ആശയവും മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കാൻ ഇട വന്നിട്ടുണ്ടോ? ഒരു ഗദ്യഖണ്ഡികയുടെ ആശയം സ്വന്തം ഭാഷയിൽ എഴുതാൻ ശ്രമിച്ചിട്ടുണ്ടോ? ആശയവിപുലനവും, പരാവർത്തനവും, സംക്ഷേപണവും ഭാഷാസ്വാധീനം കൊണ്ട് മാത്രം സാധിക്കാവുന്നതാണ്. നിത്യജീവിതത്തിൽ ഈ കഴിവ് വളരെയേറെ പ്രയോജനപ്പെടും.

## 22.2. സംക്ഷേപണം.

കുറഞ്ഞ വാക്കുകളിൽ കൂടുതൽ കാര്യം പറയുന്ന രീതിയാണ് സംക്ഷേപണം ഭാഷാ ശൈലി മുറുക്കമുള്ളതും ശക്തവുമാകുന്നത് സംക്ഷിപ്തത എന്ന ഗുണം ഉള്ളപ്പോഴാണ്. ബുദ്ധിവിലാസത്തിന്റെ ആത്മാവ് സംക്ഷിപ്തസൗന്ദര്യത്തിലാണ്. എന്ന് ഷേക്സ്പിയർ·സൂത്രവാക്യങ്ങൾ അല്പാക്ഷരമാകണമെന്ന് ഭാരതീയ പാരമ്പര്യം. സംക്ഷേപണം എന്നത് ഈ ഗുണമില്ലാ ഗദ്യഭാഗത്തെ। നിശ്ശേഷം പരിശോധിച്ച് ആശയത്തിന് കുറവു വരാതെ ചുരുക്കി എഴുതലാണ്. ഒരു ഗദ്യഭാഗത്തുള്ള സിദ്ധമോ അപ്രകൃതമോ അപ്രധാനമോ ആയ ഭാഗങ്ങൾ ഉപേക്ഷിച്ച് രത്നചുരുക്കം എഴുതുന്നതും സംക്ഷേപണമാണ്. ഹർജി, കത്ത്, തുടങ്ങിയ രേഖകൾ മേലുദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തുമ്പോൾ സംക്ഷിപ്തവിവരം മതി. ചുരുക്കിയ പരാവർത്തനമാണത്. സാരം കഥാസാരം, കവിതയുടെ സാരാംശം എന്നിങ്ങനെ സർഗ്ഗാത്മക രചനകളുടെ ചുരുക്കത്തിനാണ് ഈ പേർ പൊതുവെ പറയുന്നത്. ഭാവ

സ്പർശം കഴിവതും ഇല്ലാതെ കേവലം ആശയം പറയുക എന്ന സ്വഭാവം സംക്ഷേപണത്തിനും സാരകഥനത്തിനുമുണ്ട്. "അന്നത്തെ മലനാടെവിടെ? ഇന്നത്തെ മലയാളമെവിടെ? കാലം മറഞ്ഞതോടുകൂടി കോലം കീഴ്മേൽ മറിഞ്ഞു." എന്ന ഭാഗത്തെ ആശയം "കേരളം വല്ലാതെ മാറി" എന്നു മാത്രമാണ്. എന്നാൽ രണ്ടു ചോദ്യങ്ങൾ, രണ്ടിലും വ്യത്യസ്ത പര്യായങ്ങൾ, അടുത്ത വാക്യത്തിൽ പ്രസാനുപ്രണീതമായ ആശയാവർത്തനം. ഇവ വരുന്നതോടെ മാറ്റത്തിൻെറ പ്രതീതി കൂടുന്നു. ഇതുതന്നെയാണ് പലപ്പോഴും ആശയം വിവരിക്കുന്നതിൻെറ പ്രസക്തിയും. എന്നാൽ കാര്യമാത്ര പ്രസക്തമാകുമ്പോൾ സംക്ഷേപണം തന്നെയാണ് വേണ്ടത്.

സംക്ഷേപണത്തിനു തന്നിട്ടുള്ള ഭാഗം ശ്രദ്ധാപൂർവം വായിച്ച് കേന്ദ്രഭൂതമായ ആശയവും അതിന് അത്യാവശ്യമായ അംഗങ്ങളും മനസ്സിലാക്കണം. ആവർത്തനം എന്തുദ്ദേശിച്ചായാലും ഒഴിവാക്കണം. വളരെ പ്രസക്തമായ വിശേഷണങ്ങളെ ഉപയോഗിക്കാവൂ. വാക്യപൂർത്തിക്കോ അലങ്കാരത്തിനോ ഉള്ള ഏതു ഭാഗവും ഉപേക്ഷിക്കാം. അന്യഥാ സിദ്ധമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന വാക്യഭാഗം ഉപേക്ഷിക്കാം. സംക്ഷിപ്തത പൂർത്തിയായാൽ പിന്നെ അതിൽ എല്ലാ വാക്കും അനുപേക്ഷണീയമാകണം. എന്നാൽ കമ്പിവാക്യമോ വ്യാകരണപൂർത്തിയില്ലാത്ത ചുരുക്കെഴുത്തോ ആകരുത്, എന്നും നിഷ്കർഷിക്കണം.

ഏതാനും വാക്യങ്ങൾ ഉൾക്കൊള്ളുന്ന ഗദ്യഭാഗങ്ങൾ സംക്ഷേപണം ചെയ്തുനോക്കാം.

1. "അങ്ങനെയാണ് എന്ന കാര്യത്തിൽ സംശയമേതുമില്ലല്ലോ" — അങ്ങനെയാണ്
2. "വളരെയധികം കഷ്ടപ്പാടും ബുദ്ധിമുട്ടും സഹിച്ചാണ് ലിവിങ്സ്റ്റൺ ആ കാടും മലയും താണ്ടിയത്".—വളരെ കഷ്ടപ്പെട്ടാണ് ലിവിങ്സ്റ്റൺ ആ കാടും മലയും താണ്ടിയത്
3. "ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് ഒരു ശരിയായ രൂപം ഉണ്ടാകുന്നതിലേക്ക് ഈ രാജ്യത്തിൻെറ പൂർവ്വകാല ചരിത്രം സാമാന്യമായിട്ടെങ്കിലും അറിഞ്ഞിരിക്കണം. പലതലമുറകളായി പരാധീനതയിൽ കഴിഞ്ഞുവരുന്നവർക്ക് അങ്ങനെയല്ലാതെയുള്ള ഒരു കാലം ഉണ്ടായിരുന്നുവെന്നറിയുന്നതുതന്നെ ഉത്തേജകമായ ഒരു സംസ്കാരമാണ്."

   ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെ ശരിയായി മനസ്സിലാക്കാൻ ഇന്ത്യാ ചരിത്രത്തിൽ സാമാന്യധാരണ ആവശ്യമാണ്. തലമുറകളായി അടിമകളായിരുന്ന ജനതയ്ക്ക് അത് ആവേശജനകമായിരിക്കും എന്നാണ് ഈ ഭാഗത്തിൻെറ ആശയം.

4. ഒരു കഥ കേട്ടാൽ എല്ലാവർക്കുമറിയാം അതൊരു കഥയാണെന്ന്. എന്നാൽ എന്താണ് കഥ എന്നു ചോദിച്ചാലോ ഉത്തരം പറയാൻ വിഷമം. കഥ കേട്ടിട്ടില്ലാത്തവരോ കേൾക്കാൻ ഇഷ്ടമില്ലാത്തവരോ ആയി ആരുമുണ്ടായിരിക്കയില്ല എന്നു തോന്നുന്നു. അതിനർത്ഥം കഥ ഒരു അനുഭവമാണ് എന്നത്രെ. കഥ എന്ന ഈ അനുഭവം നിർവ്വചനാതീതമാണ്. എത്രയെത്ര കഥകൾ നാം കേട്ടിട്ടുണ്ട്. ആ കഥകളെല്ലാം ഒന്നിനൊന്നുഭിന്നമാണ്. അതുതന്നെയാണ് നിർവചിക്കാൻ സാധിക്കാത്തതിനുള്ള പ്രധാന ഒരു കാരണം.

"കഥ കേട്ടാൽ കഥയാണെന്ന് ആർക്കും തിരിച്ചറിയാം. എങ്കിലും ധാരാളം കഥകൾ വളരെ ഇഷ്ടത്തോടെ കേട്ടിട്ടുള്ള നമുക്ക് കഥ എന്ന അനുഭവം നിർവ്വചിക്കാനാവില്ല. കാരണം ഒന്നിനും പ്രത്യക്ഷത്തിൽ മറ്റൊന്നിനോട് സാമ്യമില്ല എന്നതാണ്. ഈ രീതിയിൽ താഴെ കൊടുക്കുന്ന ഖണ്ഡിക സംക്ഷേപിച്ചു നോക്കാം. ഏതാണ്ട് മൂന്നിലൊന്നായി ചുരുക്കിയിരിക്കുന്നു.

"പുസ്തകങ്ങൾ മരിക്കയാണോ എന്ന ആശങ്ക, അറിവ് കണക്കറ്റുവർദ്ധിക്കയും അതാവിഷ്ക്കരിക്കുന്ന പുസ്തകങ്ങൾ പെരുകുകയും ചെയ്യുന്ന ഇക്കാലത്ത് ശരിയല്ലെന്നുതോന്നാം. വികസിത രാജ്യങ്ങളിലെ ടെക്നോളജി, വിശേഷിച്ച് ഇലക്ട്രോണിക്സ് വളർന്നതോടെ അറിവ് സംഭരിച്ചുവെക്കാനല്ല അതുപയോഗിച്ച് ഭൗതികപ്രയോഗത്തിനുതകുന്ന വസ്തുക്കൾ നിർമ്മിക്കാനാണ് ശ്രദ്ധ. അറിവ് മാറ്റമായിത്തീരുന്നു. വസ്തുക്കൾക്കെന്നപോലെ ആശയങ്ങൾക്കും മൂല്യങ്ങൾക്കും മാറ്റം വരുത്തിക്കൊണ്ടിരിക്കുന്നു. ഐക്യരൂപത്തിനു പകരം നാനാത്വം വരുന്നു. ഇതു പുസ്തകലോകത്തും സംഭവിച്ചു.

നാലു നൂറ്റാണ്ടുകൾക്കുമുമ്പ് യൂറോപ്പിൽ ഒരു വർഷം 1000 പുസ്തകങ്ങൾ ഇറങ്ങിയിരുന്നു. ഇക്കാലത്താകട്ടെ ആയിരത്തിലേറെ ഗ്രന്ഥങ്ങൾ ഒരൊറ്റ ദിവസം തന്നെ പ്രസിദ്ധീകൃതങ്ങളാകുന്നുണ്ട്. ഇന്ന് ഒരു ബെസ്റ്റ് സെല്ലർ ആയി ആയിരക്കണക്കിനു വില്ക്കപ്പെടുന്ന ഒരു കൃതി ഒന്നുരണ്ടു മാസത്തിനകം വിസ്മൃതിയിലേക്കു തള്ളപ്പെടും. പുതിയ ഒന്ന് അരങ്ങേറും. സർഗാത്മകസാഹിത്യകൃതികളാകട്ടെ വൈജ്ഞാനിക ഗ്രന്ഥങ്ങളാകട്ടെ, വാരികാദികളാകട്ടെ ഒരുത്തരും ശ്രദ്ധിക്കാതെയും വരും- അദ്ഭുതപൂർവമായ വൈവിദ്ധ്യവും ഈ വാങ്മയത്തിലെല്ലാം പടർന്നു പിടിച്ചിരിക്കുന്നു. ഗ്രന്ഥങ്ങളുടെ രൂപത്തിൽ ഈ മാറ്റത്തിൻെറ പ്രതിഫലനമെന്ന നിലയിലാണ് തോൽബൈൻറും, തുണികൊണ്ടുള്ള ബൈൻറും മറ്റും മാറി പുസ്തകം പേപ്പർ ബാക്ക് ആയതിനെ വീക്ഷിക്കുന്നത്. വികസിതരാജ്യങ്ങളിൽ പുസ്തകങ്ങൾക്കും

വാരികകളുടേയും നില കൈവന്നിരിക്കുന്നു. അഭിരുചികളിലും താൽപര്യങ്ങളിലും വൈവിധ്യമുള്ള അസംഖ്യം ഗ്രൂപ്പുകളായി വെട്ടിത്തിരിയുന്ന വികസിതരാഷ്ട്രസമൂഹത്തിൽ ഓരോന്നിനും വേണ്ട കൃതികളോ വാരികകളോ തിയേറ്ററുകളോ ഒക്കെ വേറെ വേറെ ഉണ്ടാകുന്നു. കംപ്യൂട്ടർ യുഗം പുസ്തകങ്ങളുടെ ആവശ്യം വളരെ കുറയ്ക്കും. പൊതുവിജ്ഞാപനങ്ങൾ, വിദ്യാഭ്യാസവിഭവങ്ങൾ, ബഹുജനപ്രചരണങ്ങൾ, ശാസ്ത്രീയവും സാമൂഹ്യവുമായ വസ്തുതകൾ ഇതെല്ലാം ഇലക്ട്രോണിക് മീഡിയങ്ങളിൽ കൂടി എളുപ്പം പൊതുജനങ്ങൾക്കുലഭ്യമാകാവുന്നതിനാൽ ഇത്തരം സംഗതികൾക്ക് പുസ്തകം ആവശ്യമല്ലാതായിത്തീരും. എന്തെങ്കിലും ഗ്രഹിക്കുന്നതിനു പ്രാഥമികാവലംബമായ വായന എന്നതു തീരെ വേണ്ടെന്നു വരുന്ന കാലം വളരെ അടുത്താണ്. വായിക്കാനും എഴുതാനുമുള്ള കഴിവ് നിരുപയോഗമായ പഴഞ്ചൻ കാര്യമായി ഉപേക്ഷിക്കപ്പെടും.

## സംക്ഷേപണം മാതൃക

പുതിയ അറിവ് ആവിഷ്കരിക്കുന്ന പുസ്തകങ്ങൾ ഇറങ്ങികൊണ്ടിരിക്കുന്നുണ്ടെങ്കിലും പുസ്തകത്തിന് ഭാവിയില്ല. അറിവ് സംഭരിക്കാനല്ല ഉടനുടൻ ഉപയോഗിക്കാനാണ് സാങ്കേതികവിദ്യ-വിശേഷിപ്പിച്ചും ഇലക്ട്രോണിക് ഇന്ന് വികസിതരാജ്യങ്ങളിൽ ശ്രദ്ധിക്കുന്നത്. ആയതിനാൽ ജീവിതവും ആശയങ്ങളും മൂല്യങ്ങളും മാറുന്നു. നാലു നൂറ്റാണ്ടു മുൻപ് യൂറോപ്പിൽ ഒരാണ്ടിൽ 1000 പുസ്തകം പുറത്തുവന്നിരുന്ന സ്ഥാനത്ത് ഇന്ന് ഉടനുടൻ അല്പായുസ്സായിത്തീരുന്നു. ഉറപ്പുള്ള ചട്ടയോടുകൂടിയ പുസ്തകത്തിനല്ല പേപ്പർബാക്കിനാണ് മാർക്കറ്റ്. പുസ്തകത്തിന് ആനുകാലികമായി വികസിതരാജ്യങ്ങളിൽ രുചിഭേദങ്ങളുള്ള ചെറുസംഘങ്ങൾക്കു വേണ്ടിയാണ് ഇന്നു ഓരോ കൃതിയും പുറത്തുവരുന്നത്. കംപ്യൂട്ടർ തുടങ്ങിയ മാധ്യമങ്ങൾ പണ്ട് വായിച്ചുമാത്രമറിഞ്ഞിരുന്ന കാര്യങ്ങൾ ആളുകളിലേക്ക് അതിവേഗം നേരിട്ടെത്തിക്കുന്നു. അങ്ങനെ എഴുത്തും വായനയും നിരുപയോഗമായിക്കൊണ്ടിരിക്കുന്നു.

## സംക്ഷേപിച്ചു ശീലിക്കുന്നതിന് മാതൃകകൾ.

### 1) മാതൃഭൂമിയുടെ ജനനം

ഏതു പ്രസ്ഥാനത്തിനും പുരോഗതിയുണ്ടാകണമെങ്കിൽ അതിനെ സഹായിക്കാൻ ഒരു പത്രം ആവശ്യമാണ്. നിസ്സഹകരണപ്രസ്ഥാനം തുടങ്ങിയകാലത്ത് കോഴിക്കോട്ട് നാല് മലയാളപത്രങ്ങളും രണ്ട് ഇംഗ്ലീഷ് പത്രങ്ങളുമാണുണ്ടായിരുന്നത്. ''കേരളപത്രിക'' ''മനോരമ'' ''കേരളസഞ്ചാരി'' ''മിതവാദി'' ഇവ നാലുമായിരുന്നു അന്നത്തെ മലയാളപത്രങ്ങൾ. എല്ലാം പ്രതിവാരപത്രങ്ങളായിരുന്നു.

ചെങ്കുളത്ത് കുഞ്ഞിരാമമേനോനാണ് ''കേരളപത്രി''കയുടെ പത്രാധിപർ. പ്രാപ്തനായ ഒരു പത്രാധിപരായിരുന്നു അദ്ദേഹം. കുഞ്ഞിരാമമേനോന് ഗാന്ധിജിയുടെ നിസ്സഹകരണ പ്രസ്ഥാനത്തിന്റെയും പേരുകൂടി കേൾക്കാൻ വയ്യ. ആ പ്രസ്ഥാനത്തെ എതിർക്കുവാനും അതിൽ പങ്കെടുത്തവരെ ആക്ഷേപിക്കാനുമാണ് പത്രികയുടെ പംക്തികൾ അദ്ദേഹം ഉപയോഗപ്പെടുത്തിയത്.

അത്രതന്നെ ശക്തമായല്ലെങ്കിലും''മനോരമ'' യും ആ പ്രസ്ഥാനത്തെ എതിർത്തിരുന്നു. ആദ്യം ഒരു പ്രതിവാരപത്രമായി ആരംഭിച്ച ''മനോരമ'' പിന്നെ ത്രൈവാരികയായിത്തീർന്നു. പുളിയംപൊറ്റ കുഞ്ഞികൃഷ്ണമേനോനായിരുന്നു അതിന്റെ ആദ്യത്തെ പത്രാധിപർ. അദ്ദേഹത്തിന്റെ മരണത്തിനു ശേഷം ആ പത്രം മരുമകൻ കൃഷ്ണൻനായർ ഏറ്റെടുത്തു. അദ്ദേഹവും അതിന്റെ നയത്തിൽ പ്രസ്താവയോഗ്യമായ മാറ്റമൊന്നും വരുത്തിയില്ല.

''കേരളസഞ്ചാരി'' യും അതുപോലെതന്നെ. ഗവൺമെൻറിനെതിരായി യാതൊന്നും പ്രസിദ്ധംചെയ്യുവാൻ അതിന്റെ പത്രാധിപർ സി.പി. ഗോവിന്ദൻ നായർ ഇഷ്ടപ്പെട്ടില്ല. ദേശീയപ്രസ്ഥാനത്തോട് അനുഭാവമുണ്ടായിരുന്നെങ്കിൽകൂടി അദ്ദേഹം അതു പുറത്തുകാണിച്ചില്ല.

സി. കൃഷ്ണന്റെ ''മിതവാദി'' കോൺഗ്രസ്സുകാരെ വിമർശിയ്ക്കുന്നകാര്യത്തിൽ അമിതവാദിതന്നെയായിരുന്നു. ബ്രിട്ടീഷ് ഗവൺമെൻറ് ഇന്ത്യയിൽ ഇല്ലാതായാൽ കാവൽക്കാരില്ലാത്തവീടുപോലെയാവും ഈ നാടിന്റെ സ്ഥിതി എന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. ആ വിശ്വാസത്തിനനുസരിച്ചതായിരുന്നു ''മിതവാദി'' യുടെ നയം.

''വെസ്റ്റ്കോസ്റ്റ് സ്പെക്ടേറ്റർ'', ''വെസ്റ്റ് കോസ്റ്റ് റിഫോർമർ'3' എന്ന രണ്ട് ഇംഗ്ലീഷ് പത്രങ്ങളും കോഴിക്കോട്ടു നിന്ന് പ്രസിദ്ധപ്പെടുത്തിയിരുന്നു. ജി. സുബ്ബാറാവുവിന്റെ മേൽനോട്ടത്തിൽ ആരംഭകാലത്ത് ''സ്പെക്ടേറ്റർ'' പത്രം പ്രശസ്തരീതിയിൽ നടന്നിരുന്നു. കാര്യങ്ങൾ നിർഭയം വിമർശിച്ചിരുന്നത് ആ പത്രം മാത്രമായിരുന്നു. എന്നാൽ ആ നയം സുബ്ബാറാവുവിന്റെ മരണത്തോടുകൂടി അവസാനിച്ചു. പിന്നീട് അതും മറ്റു പത്രങ്ങളെപ്പോലെയായിത്തീർന്നു. ഒരു പ്രത്യേക നയമോ അഭിപ്രായമോ ''റിഫോർമർ''നുമുണ്ടായിരുന്നില്ല.

''മാതൃഭൂമി'' തുടങ്ങിയ കാലത്ത് ദേശീയപ്രസ്ഥാനത്തെ സഹായിച്ചിരുന്ന രണ്ടു പത്രങ്ങൾ മലയാളഭാഷയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഒന്ന് എ.കെ. പിള്ളയുടെ ഉടമസ്ഥതയിലും പത്രാധിപത്യത്തിലും കൊല്ലത്തുനിന്നു പുറപ്പെട്ടിരുന്ന ''സ്വരാട്ടാണ്'' അതിന്റെ നടപ്പിൽ പല ക്ളേശങ്ങളും നഷ്ടങ്ങളും അദ്ദേഹത്തിനനുഭവിക്കേണ്ടിവന്നിട്ടുണ്ട്.

മറ്റേതു ''യുവഭാരത''മെന്ന പേരിൽ പാലക്കാട്ടുനിന്നു കൃഷ്ണസ്വാമി അയ്യർ പ്രസിദ്ധപ്പെടുത്തിയിരുന്നതാണ്. ഒരു പ്രതിവാര പത്രമായിരുന്ന ഇതിനു ഗാന്ധിജിയുടെ ''യങ് ഇന്ത്യ''യുടെ വലിപ്പമേ ഉണ്ടായിരുന്നുള്ളു. ദേശീയപ്രസ്ഥാനം ബഹുജനങ്ങൾക്ക് പരിചയപ്പെടുത്തുകയെന്ന ഉദ്ദേശത്തോടെയാണിതു നടത്തിയിരുന്നത്.

കേരളത്തിലെ ദേശീയ പ്രസ്ഥാനത്തിൽ ഉത്സാഹപൂർവം പ്രവർത്തിച്ചിരുന്ന ഒരു വ്യക്തിയാണ് ടി.ആർ. കൃഷ്ണസ്വാമി അയ്യർ. സഹകരണത്യാഗം ആരംഭിച്ച കാലത്തു പാലക്കാട്ടുനിന്നു പ്രാക്ടീസ് നിർത്തിയ ഒരു വക്കീലാണ് അദ്ദേഹം. പിന്നീട് പാലക്കാട് താലൂക്ക് കോൺഗ്രസ്സ് കമ്മറ്റിയുടെ സിക്രട്ടറിയെന്ന നിലയിൽ ഖദർ പ്രചരിപ്പിക്കുന്നതിനും അയിത്തോച്ചാടനപ്രവർത്തനത്തിലും അദ്ദേഹത്തിന്റെ സേവനം അളവറ്റതായിരുന്നു. ഹരിജനങ്ങൾക്കായി ഒലവക്കോട്ട് അദ്ദേഹം സ്ഥാപിച്ച് ശബരി ആശ്രമം ഇന്നും നിലനിന്നുവരുന്നുണ്ട്. പരിമിതമായ പ്രചാരമേ ''യുവഭാരത''ത്തിനുണ്ടായിരുന്നുള്ളു. എന്നാൽ ഗാന്ധിജിയുടെ ആദർശങ്ങളും നിസ്സഹകരണപ്രസ്ഥാനത്തിന്റെ പരിപാടിയും ജനങ്ങളെ മനസ്സിലാക്കുന്നതിന് അതു കുറെയെല്ലാം ഉപകരിച്ചിട്ടുണ്ട്.

**2. വിവിധകലാജ്ഞാനം.**

ചതുരംഗം. നായാട്ട്, മല്പിടുത്തം, കായികാഭ്യാസം, മന്ത്രവാദം, വീണവായന, കടുന്തടിയേറ് എന്നിങ്ങനെ അനേകം വിദ്യകളിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ വിദഗ്ധത സമ്പാദിച്ചിട്ടുണ്ട്. അവിടുത്തേയ്ക്ക് ഏറ്റവും ഇഷ്ടമുള്ള വിനോദമാണ് ചതുരംഗം. നായാട്ടും അങ്ങിനെതന്നെ. അവിടുന്നു ഭാഷാപോഷിണിമാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന എന്റെ മൃഗയാ സ്മരണകൾ എന്ന ലേഖനം വായിച്ചാൽ നായാട്ടിൽ അവിടത്തേക്ക് എത്ര പ്രീതിയും സാമർത്ഥ്യവും ഉണ്ടെന്നു മനസ്സിലാക്കാം. മയൂരസന്ദേശം കാവ്യത്തിലും നായാട്ടിനോടുള്ള അഭിരുചി വെളിപ്പെടുത്തിയിട്ടുണ്ട്. സംഗീതത്തിലും വീണവായനയിലും കോയിത്തമ്പുരാനെ നിപുണനാക്കിയത്, അവിടുത്തെ ഇഷ്ടപ്രാണേശ്വരിയാണ് അവിടുത്തേക്ക് ഒഴിച്ചുവയ്ക്കുവാൻ സാധിക്കാത്ത ഒരു വിനോദമാണ് വീണ വായന.

വെടിവെയ്പ്പ്, കുതിരസ്സവാരി എന്നിവയിൽ ബാല്യത്തിലേതന്നെ വലിയ കോയിത്തമ്പുരാന് ഉൽസാഹം ജനിച്ചു. അതു ക്രമേണ പോഷിച്ചുവന്നു. മന്ത്രസിദ്ധികൊണ്ടുള്ള ഭാവം പ്രഭാവം അവിടുത്തെ മറ്റൊരു ഗുണമാണ്. തോക്കിന്റെ മുഖം ബന്ധിക്കുക, മൃഗങ്ങളെ വരുത്തി വെടിവയ്ക്കുക എന്നിങ്ങനെ പല അൽഭുതകർമ്മങ്ങളും അവിടുന്നു ചെയ്തിട്ടുണ്ട്. അവിടുന്ന് ഒരു സന്ദർഭത്തിൽ പറഞ്ഞിരിക്കുന്നത് ഇവിടെ ഉദ്ധരിക്കാം. ''അവിടുത്തെ അടുക്കൽനിന്നു ഞാൻ പല ഉപദേശങ്ങളും ഗ്രഹിച്ചിരുന്നു എന്നു ധരിച്ചിട്ടുണ്ടായിരുന്ന കേരള വർമ്മ കൊച്ചുകോയിത്തമ്പുരാൻ മുതലായ എന്റെ വയസ്യന്മാർ ഒരു സായാഹ്നത്തിൽ പക്ഷി നായാട്ടു കഴിഞ്ഞ് ശ്രീപാദത്തു വടക്കേത്തോപ്പിൽ ഞാൻ വന്നപ്പോൾ വരുത്തി വെടിവയ്ക്കുന്ന വിദ്യ ഇന്ന് ഒന്നു കാണിച്ചേ തീരു എന്നു വലിയ നിർബന്ധമായി എന്നെ പിടികൂടി. അതുവരെ ആ വിദ്യ ഞാൻ പരീക്ഷിച്ചിട്ടില്ലായിരുന്നതിനാലും, വയസ്യന്മാരുടെ നിർബന്ധം ഒഴിക്കത്തക്കതല്ലായിരുന്നതിനാലും ഗുരുപദേശപ്രകാരം ഒരിക്കൽ പ്രയോഗിച്ചുനോക്കാമെന്നു നിശ്ചയിച്ചു. ഗുരുപാദങ്ങളെ അനുസന്ധാനം ചെയ്തു ഗുരു വാക്യപ്രകാരം പ്രവർത്തിച്ചു. അതിനിടയ്ക്ക് എന്റെ വയസ്യന്മാർ വേറെ വിനോദങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. ഏകദേശം പത്തു മിനിട്ടിനുള്ളിൽ ഒരു തടിയൻ മരപ്പട്ടി തോപ്പിന്റെ കിഴക്കെ മതിലിൽക്കൂടി തേക്കോട്ടേയ്ക്കായി അത്യന്തം പാരവശ്യത്തോടുകൂടി വരുന്നതു കണ്ടയുടനെ വെടിവയ്ക്കുകയും അതു മതിലിന്റെ അപ്പുറത്തേയ്ക്കു മറിഞ്ഞു വീഴുകയും അപ്പോൾ ഇരുട്ടായതിനാൽ പിറ്റേദിവസം രാവിലെയാണ് എല്ലാവരും ആ ചത്ത മരപ്പട്ടിയെ ചെന്നു കണ്ടത്. തോക്കിന്റെ മുഖം ബന്ധിക്കുകയും മൃഗളെ വരുത്തി വെടിവയ്ക്കുകയും ചെയ്യുന്ന പ്രയോഗം അതിൽപ്പിന്നെ ഇതുവരെ ഞാൻ ചെയ്തിട്ടില്ല. ഇനി ഒരിക്കലും ചെയ്യാൻ എനിക്കു ശക്തിയില്ല.

അശ്വവിദ്യയിലും വലിയകോയിതമ്പുരാൻ സമർത്ഥനായിരുന്നു. ''അചിരേണ അവിടുത്തെ പരിശ്രമം അശ്വവിദ്യയിലേക്കു കൂടി പകർന്നു. അക്കാലത്തു സർക്കാർ ലായത്തിലുണ്ടായിരുന്ന നല്ല കുതിരകളെയെല്ലാം അവിടുന്ന് തന്റെ ചൊൽപ്പടിയിൽ വരുത്തി. സ്വന്തമായി രണ്ടു വിശേഷപ്പെട്ട വെള്ളക്കുതിരകളും ഉണ്ടായിരുന്നു. അശ്വവിദ്യയും ശസ്ത്രവിദ്യയും സുസ്വാധീനമായി കഴിഞ്ഞപ്പോൾ ആണ് അവിടേയ്ക്ക് മൃഗയാ (നായാട്ടു) കൗതുകം മുഴുത്തത്. നായാട്ടിലും അവിടുന്നു നാട്ടിൽ അദ്വിതീയനായി ഭവിച്ചു. ചതുരംഗക്രീഡയിൽ അവിടേയ്ക്കുണ്ടായിരുന്ന പേരുകൂടിയും

ഇപ്രകാരം കേരളവർമ്മ വലിയകോയിതമ്പുരാൻ അനേകം വിദ്യകളിൽ സാമർത്ഥ്യം സമ്പാദിച്ചു. സാഹിത്യം (കവിത) ശാസ്ത്രം മുതലായവയിൽ മാത്രമായിരുന്നില്ല, അവിടുത്തെ വിദഗ്ധതയും പരിശ്രമവും. അതുകൊണ്ടു ജനങ്ങൾ അവിടുത്തെ സർവ്വകലാവല്ലഭൻ എന്നു പറഞ്ഞുവന്നു. അവിടുത്തേയ്ക്കു പരിചയവും പ്രവർത്തനപാടവവും കൈവന്നിട്ടില്ലാത്ത വിദ്യകൾ വളരെ കുറവാണ്.

## 22.3. വിപുലനം:

ഒരുവാക്യമോ വാക്യഖണ്ഡമോ ഉൾക്കൊള്ളുന്ന ആശയം സ്ഫുടമായും വിശദമായും പ്രതിപാദിക്കുന്നതിനെയാണ് വിപുലനം എന്നുപറയുന്നത്. ആവശ്യത്തിലേറെ പരത്തിപ്പറയലല്ല വിപുലനം, ആശയം വ്യക്തമാക്കലാണ്. അതിനു സഹായകമായ യുക്തിയും ഉദാഹരണവുംതേടേണ്ടതുമാണ്. വിഷയവിശദീകരണം പോഷിപ്പിക്കാൻ ആനുഷംഗീക കാര്യങ്ങളും അല്പം സൂചിപ്പിക്കാം. ഭാവസ്ഫുരണ സമർത്ഥമായ ഭാഷ ഉപയോഗിക്കണം. എന്നാൽ അല്പവും ചുറ്റിക്കെട്ടോ അവ്യക്തതയോ പാടില്ല. ഒരേ ആശയം ഒന്നിലേറെ രീതിയിൽ ആവിഷ്കരിക്കാമെങ്കിൽ ഏറ്റവും എളുപ്പം അർത്ഥം തോന്നിക്കുന്ന രീതിയിലാണ് കൈക്കൊള്ളേണ്ടത്. 'മിന്നുന്നതെല്ലാം പൊന്നല്ല' എന്ന ചൊല്ലാണ്, വിപുലനത്തിന് തന്നിരിക്കുന്നതെന്നിരിക്കട്ടെ. ഇതിൻെറ വാച്യാർത്ഥം പരാവർത്തനം ചെയ്യാതെ തന്നെ വ്യക്തമാണ്. എന്നാൽ ''പുറത്തെ ഭംഗിതെറ്റിദ്ധാരണയുണ്ടാക്കും. അതുകൊണ്ട് ആഡംബരത്തിൽ മയങ്ങരുത്. പുറത്തുകാണുന്ന നന്മയും തിന്മയും വസ്തു സ്ഥിതിയാകയില്ല'' എന്ന ആശയം വിശദമാക്കേണ്ടതുണ്ട്.

വിപുലനം ചെയ്യാൻ ചോദിക്കാറുള്ളത് മിക്കവാറും പഴഞ്ചൊല്ലുകൾ, തത്ത്വവാക്യങ്ങൾ, പദ്യ ശകലങ്ങൾ എന്നിവയാണ്.

**ഉദാഹരണങ്ങൾ നോക്കുക.**

1. **''ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം.''**

ഇതൊരു പഴഞ്ചൊല്ലാണ്. ഒരുമ, യോജിപ്പ് ഏതുബുദ്ധിമുട്ടിനേയും ജയിക്കാൻ സഹായിക്കുന്നു എന്ന ആശയം അതിശയോക്തി കലർത്തി പറയുന്നതാണ് ഈ ചൊല്ല്. ഒരാൾക്കുപോലും കിടക്കാൻ പറ്റാത്ത ചെറിയ പ്രതലമുള്ള ഉലക്കയിൽ കിടക്കാൻ ഒരുമയുണ്ടെങ്കിൽ സാധിക്കുമത്രെ. പ്രത്യക്ഷത്തിൽ ഇതിൽ വിരോധ പ്രതീതിയുമുണ്ട്. എന്നാൽ ആശയം ഇത്രമാത്രമാണ്. ഏതു വിഷമവും അസാധ്യതയും സഹിക്കാൻ ആവുക പരസ്പരം യോജിച്ചു പ്രവർത്തിക്കുമ്പോഴാണ്. ഏതു വിഷയവും തരണം ചെയ്യാനും അപ്പോൾ പറ്റും. മറിച്ച് സുഖകരമായ പരിതഃസ്ഥിതിയും ഒരുമയില്ലായ്മകൊണ്ട് അസുഖകരമാകും. അപ്പോൾ ബാഹ്യപരിതഃസ്ഥിതിയേക്കാൾ മനുഷ്യൻെറ മനോഭാവമാണ് പ്രധാനം, അതും സാമൂഹിക സഹകരണമാണ് ഏറെ പ്രധാനം എന്ന് ഈ ചൊല്ലു സൂചിപ്പിക്കുന്നു. 'ഐകമത്യം മഹാബലം' എന്ന ചൊല്ല് ഇക്കാര്യം കുറേക്കൂടി വാച്യമായി പറയുന്നു.

2. **''പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം''**

ഈ പദ്യഭാഗം സ്വാതന്ത്ര്യത്തിൻെറ മഹത്ത്വത്തെപ്പറ്റി ബോദ്ധ്യപ്പെടുത്തുന്നു. അടിമത്തം അഭിമാനം കെടുത്തുന്ന ഏർപ്പാടാണ്. മനുഷ്യന് ആത്മാഭിമാനം ഉണ്ടാകും, ഉണ്ടാകണം. അതിന് കെടുതൽവരുത്തുന്ന പാരതന്ത്ര്യം വാസ്തവത്തിൽ മഹാഭയജനകമായ മരണത്തിലും ഭയാനകമാണ്. അതുകൊണ്ട് മനുഷ്യത്വത്തിൻെറ പേരിൽ ഉൽബോധനം ചെയ്യുന്നത് പരതന്ത്ര്യത്തിൻെറ കെട്ടുകൾ പൊട്ടിക്കാനാണ്. സ്വാതന്ത്ര്യമേ മാനം തരൂ. അതുകൊണ്ട് സ്വാതന്ത്ര്യമേ ജീവിതത്തിൻെറ ശരിയായ നിലനില്പിനു സഹായിക്കുകയുമുള്ളു. പാരതന്ത്ര്യം എന്നതിന് രാഷ്ട്രീയ മായ സ്വാതന്ത്ര്യത്തിൻെറ നാശമെന്നുമാത്രമല്ല അർത്ഥം സാമൂഹികവും സാംപത്തികവും അധ്യാത്മികവുമായ സ്വാതന്ത്ര്യത്തിൻെറ നാശം എന്നർത്ഥവുമുണ്ട്. ഇതിൽ ഒന്നുണ്ടെങ്കിൽത്തന്നെയും മറ്റൊന്നിൻെറ അഭാവം സ്യാതന്ത്ര്യത്തെ അത്രയ്ക്കു പരിമിതപ്പെടുത്തും. അതാണ് മറ്റൊരു കവി പാടിയത്:—

''ബന്ധുരകാഞ്ചന കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ''

### വിപുലനം ചെയ്യുക

1) **വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.**
2) **അഹിംസാപരമായ ധർമ്മം:**
3) **കുണ്ടിലിരിക്കും തവളക്കുഞ്ഞിനു കുന്നിനുമീതെ പറക്കാൻ മോഹം.**
4) **പെററവൾക്കേ പേററുനോവറിയൂ.**

5) അജ്ഞനു വല്ലവരുമോതാം പ്രമാണം.
6) വിജ്ഞൻമാരഭിനന്ദിച്ചേ വിജ്ഞാനം സാധുവായ്‌വരൂ.
7) ശ്രീ ഭൂവിലസ്ഥിരയസംശയമിന്നു നിന്റെ
യാഭൂതിയെങ്ങു? പുനരെങ്ങുകിടപ്പിതോർത്താൽ
8) ദു:ഖത്തിനു കാലമൗഷധം.
9) മലകളിളകിലും മഹാജനാനാം
മനമിളകാചപലോക്തികേശംക്കിലും കോം
10) പരോപകാരമേ പുണ്യം പാപമേ പരപീഡനം.

## 22.4. പരാവർത്തനം:

ഒരാൾ പറഞ്ഞ ആശയം ഏറ്റക്കുറച്ചിൽ ഇല്ലാതെ വ്യക്തമായി മറ്റൊരാൾ അയാളുടെ രീതിയിലും ശൈലിയിലും ആവർത്തിച്ചു പറഞ്ഞു വിശദമാക്കുന്നതാണ് പരാവർത്തനം. താത്ത്വികമായി ഗദ്യത്തിലോ പദ്യത്തിലോ ഏതുതരം ആവിഷ്കരണരീതിയിലുള്ള ഖണ്ഡത്തേയും പരാവർത്തനം ചെയ്യാമെങ്കിലും മിക്കപ്പോഴും പദ്യഭാഗത്തെയാണ് അതിനുവിധേയമാക്കാറുള്ളത്. പരാവർത്തനം വ്യാഖ്യാനമല്ല. വാച്യാർത്ഥമാണ് സ്ഫുടമായി സ്വന്തം വാക്യത്തിലെഴുതുന്നത്. അതിന്റെ സാരം സൂചിപ്പിക്കുകയും ചെയ്യാം. പരാവർത്തകൻ ഒന്നും കൂട്ടിച്ചേർക്കുകയോ കുറച്ചുകളയുകയോ ചെയ്യരുത്. പദ്യത്തിന്റെ പഴക്കവും ഗദ്യത്തിന്റെ പഴക്കവും വ്യത്യാസമുള്ള നമ്മുടെ ഭാഷപോലെയുള്ള ഭാഷകളിൽ പദത്തിനുപകരം പദം വച്ച് അന്വയം ശരിപ്പെടുത്തി എഴുതിയാൽ പരാവർത്തനമാവില്ല. ഗദ്യത്തിന്റെ സ്വഭാവം വരുത്താൻ ചിലപ്പോൾ തക്കമാറ്റം വരുത്തേണ്ടതുമാണ്. "മൂത്തവർ ചൊല്ലും

മുതുനെല്ലിക്കയും ആദ്യം കയ്ക്കും പിന്നെ ഇനിക്കും" എന്നഭാഗമാണ് പരാവർത്തനം ചെയ്യുന്നതെങ്കിൽ പല മാറ്റവും അത്യാവശ്യമായിവരുത്തേണ്ടതുണ്ട്. 'എൻ മക്കൾ' എന്നോ 'മൂത്തവർചൊല്ല്' എന്നോ വരുന്നത് പദ്യരീതിയിൽ സാധുവാണ്. ഗദ്യത്തിൽ എന്റെ മക്കൾ' എന്നുവേണം. 'ചൊല്ല്' തന്ന പദം സ്വീകാര്യംതന്നെ എങ്കിലും 'വാക്ക്' ആണ് ഗദ്യത്തിന് കൂടുതൽ നിരക്കുന്നത്. ഇതേപോലെ 'ഇനിക്കും' എന്ന ശുദ്ധ ദ്രാവിഡപദമല്ല 'മധുരിക്കും' എന്നതാണ് ഗദ്യത്തിൽ നടപ്പ്. അങ്ങനെ "മൂത്തവരുടെ വാക്കും മൂത്തനെല്ലിക്കയും ആദ്യം കയ്ക്കും പിന്നെയേ മധുരിയ്ക്കൂ." എന്ന വാക്യത്തിൽ എത്തും. അതിനു ശേഷം പരിചയ സമ്പന്നരുടെ ഗുണദോഷ വിചാരത്തെക്കുറിച്ചാണ് പറയുന്നതെന്നും അതാദ്യം പ്രിയമാകാതെ പോയാലും പിന്നെ അതിന്റെ നന്മവെളിപ്പെടാതിരിക്കയില്ല എന്നാണ് ഉദ്ദേശ്യമെന്നം വ്യക്തമാക്കാം. ഇത്രയും പറഞ്ഞാലേ ആ ചൊല്ലിന്റെ വിവക്ഷ പൂർത്തിയാകുന്നുള്ളു.

**ഉദാഹരണങ്ങൾ നോക്കുക**

(1) തന്നതില്ല പരനുള്ളുകാട്ടുവാൻ
ഒന്നുമേ നരനുപായമീശ്വരൻ
ഇന്നു ഭാഷയിതപൂർണ്ണമിങ്ങഹോ
വന്നുപോം പിഴയുമർത്ഥശങ്കയാൽ.

ഈശ്വരൻ മനുഷ്യന് തന്റെ മനസ്സ് അന്യന് കാണിച്ചുകൊടുക്കാനുള്ള ഉപായമൊന്നും തന്നിട്ടില്ല. കഷ്ടം. ഭാഷ അതുകൊണ്ട് അപൂർണ്ണമാണ്. അർത്ഥം വ്യക്തമല്ലായ്കയാൽ തെറ്റും വന്നുപോകും. മനസ്സിലുള്ള ആശയങ്ങൾ അന്യന് വ്യക്തമാക്കിക്കൊടുക്കുനുള്ള ഉപായമാണ് ഭാഷ. പക്ഷെ ആശയം പൂർണ്ണമായി പ്രകടിപ്പിക്കാൻ ഭാഷമതിയാവുന്നില്ല. ആവിഷ്കരിച്ചതുതന്നെ ഉദ്ദേശിച്ച അർത്ഥത്തിൽ നിന്ന് ഏറ്റക്കുറച്ചിലില്ലാതെ സംവേദനം ചെയ്യാൻ സാധിക്കുന്നുമില്ല. ഇത് പറയുന്ന ആളെയും കേൾക്കുന്ന ആളേയും പൂർണ്ണമായും സഹായിക്കാൻഭാഷാപ്രയോഗത്തിനുള്ള കഴിവില്ലായ്മയാണ് കാണിക്കുന്നത്. ഭാഷയുടെ ഈ ദുരന്തം മനുഷ്യവംശത്തിന്റെ ദുരന്തം കൂടിയാണ്. തന്റെ വിവക്ഷ ഭാഷ പൂർത്തിയോടെ സംവേദനം ചെയ്യപ്പെടുന്നില്ലല്ലോ എന്ന കവിയുടെ ദു:ഖം കൂടി ഈ വരികളിൽ മുഴങ്ങുന്നു.

(2) ജന്മസിദ്ധമാം പദം
പുണ്യലബ്ധമെന്നോർത്തു
വന്മദം ഭാവിക്കുന്നോരുന്നത നക്ഷത്രമേ
വെമ്പുക, വിളറുക,
വിറകൊള്ളുക, നോക്കൂ
നിൻ പുരോഭാഗത്തതാ
വീരജേതാവാം നാളെ:

ജന്മം കൊണ്ടുകിട്ടിയ സ്ഥാനം പുണ്യംകൊണ്ടാണ് തനിക്ക് കിട്ടിയത് എന്നു കരുതി ഉയർന്നു നിന്ന് അഹംകരിക്കുന്ന നക്ഷത്രമേ നീ വെമ്പുക, വിളറുക വിറയ്ക്കുക. നോക്കൂ നിന്റെ മുൻപിലായി വിരേജേതാവായ നാളെ എത്തിക്കഴിഞ്ഞു.

ഉയർന്ന കുടുംബത്തിൽ ജനിക്കയോ യാദൃച്ഛികമായിമാത്രം ഉയർന്നനിലയിൽ എത്തിപ്പെടുകയോ ചെയ്തവർ തൻെറ പൂർവപുണ്യമോ അർഹതയോ കൊണ്ടാണ് നേട്ടമുണ്ടാക്കിയതെന്നുകരുതി അഹംകരിക്കുന്നു. അതിൻെറ കാലം കഴിഞ്ഞു. ഭാവി എല്ലാത്തിനേയും ജയിക്കും. അഹംകാരികൾ ഭയപ്പെടേണ്ടകാലമായി.

**പരാവർത്തനം ചെയ്തു ശീലിക്കുവാനുള്ള സാമഗ്രികം.**

1) പരിഹാസപ്പൂതുപ്പനീർച്ചെടിക്കെടോ
ചിരിയത്രേ പുഷ്പം ശകാരം മുള്ളതാൻ

2) നെല്ലിൻ ചുവട്ടിൽ മുളയ്ക്കും - കാട്ടു
പുല്ലല്ല സാധു പുലയൻ.

3) അനന്തമജ്ഞാതമവർണനീയ-
മീലോകഗോളം തിരിയുന്നമാർഗ്ഗം
അതിങ്കലെങ്ങാണ്ടൊരിടത്തുനിന്നു
നോക്കുന്നമർത്യൻ കഥയെന്തുകണ്ടു?

4) തന്നാൽക്കരേറേണ്ടവരെത്രപേരോ
താഴത്തുപാഴ്ച്ചേറിലമർന്നിരിക്കേ
താനൊറ്റയിൽ ബ്രഹ്മപദങ്കൊതിയ്ക്കും
തപോനിധിക്കെന്തൊരു ചാരിതാർത്ഥ്യം

5) ഞാനൊന്നു ചോദിക്കട്ടെ സാദരം മഹാമുനേ
ധ്യാനത്തിലുൾച്ചേർന്നുള്ള സച്ചിദാനന്ദം താനോ
മാനിച്ചീയിളം മെയ്യുപുൽകലിലുളവായൊ-
രാനന്ദം താനോ നിനക്കധികം സമാസ്വാദ്യം

6) ചോരതുടിക്കും ചെറുകയ്യുകളേ
പേറുകവന്നീപ്പന്തങ്ങൾ,
ഏറിയതലമുറയേന്തിപ്പാരിൻ
വാരൊളിമംഗളകന്ദങ്ങൾ
പണ്ടു പിതാമഹൻ കാട്ടിൻ നടുവിൽ
ചിന്തകളുരസിടുമക്കാലം
വന്നുപിറന്നുചെന്നിണമോലും
വാളുകണക്കൊരുതീനാളം.
സഞ്ചിതമാകുമിരുട്ടുകളാകെ
സ്സംഭ്രമമാർന്നോരക്കാലം
മാനവർകണ്ടാരഗ്നിസ്ഫുരമതിൽ
മണ്ണിലെ വിണ്ണിൽ വാഗ്ദാനം.

7) ബ്രഹ്മർഷിമാർ മുഖ്യനെ മുക്കുവത്തി
പെറ്റോരു പുണ്യക്ഷിതിമണ്ഡലത്തിൽ
അഹോ മനുഷ്യനു മനുഷ്യനോടു
സാമീപ്യസമ്പർക്കമധർമ്മമെന്നോ.

8) അമ്പുകൾകൊണ്ടവ്രണം കാലത്താൽ നികന്നീടും
കൊമ്പുകൾ ഖണ്ഡിച്ചാലും പാദപമകച്ചിടും
കേട്ടുകൂടാത്തവാക്കാമായുധം പ്രയോഗിച്ചു
കർണ്ണങ്ങൾക്കകംപുക്കു പുണ്ണായാലതു പിന്നെ
പൂർണമായ ശമിക്കയില്ലൊട്ടുനാൾ ചെന്നാൽപ്പോലും

9) പുറം കഠോരം പരിശുഷ്കമൊട്ടു-
ക്കുള്ളോമൃദുസ്വാദുരസാനുവിദ്ധം.
നാടൻ കൃഷിക്കാരൊരുനാളി കേര-
പാകത്തിലാണിങ്ങനെ മിക്കപേരും.

10) വംപിച്ചനിൻമഹിമയും കൃപയും നിനച്ചു
കുംപിട്ടിടാത്തതുലയും ശിലയും സമം താൻ
എമ്പിച്ചുതീർക്ക, അറിവായ്മനമാം വിളക്കിൻ
തുമ്പിൽ ജ്വലിക്കുമഖിലേശ്വര കൈതൊഴുന്നേൻ.

**പരാവർത്തനംചെയ്യുക**

1) കോൽത്തേനോലേണമോരോപദമിടയിൽ
നറുംപാലിൽ നീരെന്നപോലെ
ചേർത്തീടേണം, വിശേഷിച്ചതിലളിത
മലങ്കാരമുണ്ടായ്വരേണം.

ചേർത്തും പിന്നർത്ഥമോർത്താൽ നിരുപമ
രുചിതോന്നേണമെന്നിത്ര വന്നേ
തീർത്തീടാവൂ ശ്ലോകം ശിവിശിവ: കവിതാ
രീതിവൈഷമ്യമത്രേ.

2) അല്ലമാഞ്ഞപ്പോൾ അട്ട-
പ്പാടിയെക്കണ്ടേൻ, പച്ച
വില്ലീസു റവുക്കയി-
ട്ടിരുപച്ചപ്പട്ടു
പുതച്ചു, കരിമ്പിൽ പൂ-
ങ്കുലകൾ വാരിച്ചൂടി-
ച്ചിരിച്ചു: നവശ്യാമ-
നധിപോൽ, ലജ്ജാലോല:
ഇന്നലെയിവൾ പിച്ച-
ക്കാരി, നഗ്നമാംശുഷ്ക-
നെഞ്ചുമായ് വെയിലത്തു
മയങ്ങിക്കിടന്നവൾ,
കണ്ണീരും വരണ്ടവൾ
ആർക്കുമേ വേണ്ടാത്തവൾ,
ഖിന്നയായ് നാഥയായ്
ഭ്രാന്തിയായലഞ്ഞവൾ.
ഇവളെയുമിതുമട്ടിൽ
മോഹിനിയാക്കി, പ്രേമ
വതിയായ് മാറ്റിത്തീർത്ത്-
താരുടെ മായാപിഞ്ഛം.

**വിപുലനം ചെയ്യുക**

1. തെറിക്കുത്തരം മുറിപ്പത്തൽ
2. വേലി തന്നെ വിളവുതിന്നുക
3. വിശപ്പടക്കാൻ മോഷ്ടിക്കാ-
   മിഷ്ടതോഴന്റെയപ്പവും
4. വിദ്യാധനം സർവ്വധനാൽ പ്രധാനം
5. കെട്ടിപ്പൂട്ടി സ്വരൂപിച്ച
   തൊട്ടുദൂരം ചുമക്കുമോ..

**മൂന്നിലൊന്നായി സംക്ഷേപിക്കുക.**

## നവീനമായ ദേശീയ വിദ്യാഭ്യാസപദ്ധതി

വിവേകാനന്ദസ്വാമികൾ 1893 -ൽ അമേരിക്കയിലേക്കു പുറപ്പെടും മുൻപ് ഭാരതത്തിന്റെ യഥാർത്ഥ സ്ഥിതി നേരിട്ടു മനസ്സിലാക്കുവാൻ വേണ്ടി ഈ ഭൂഖണ്ഡമൊട്ടുക്ക് ഒരുവട്ടം പരിവ്രജനം ചെയ്യുകയുണ്ടായി. 1888 മുതൽ 1893 വരെ അഞ്ചു വർഷക്കാലം നീണ്ടുനിന്ന ആ പ്രവ്രജ്യമദ്ധ്യേ 1891 -ൽ രാജപുത്താനിയിലെ ആൾവാർ നഗരത്തിലെത്തി. അവിടത്തെ രാജാവിന്റെ അതിഥിയായി ഏതാനുംനാൾ കഴിച്ചു. അതിനിടയിൽ കലാശാലാദ്ധ്യക്ഷൻ കൂടിയായ രാജാവിന്റെ ക്ഷണമനുസരിച്ച് സ്വാമിജിയെ ദർശിച്ച് ഉപദേശം കേൾക്കുവാൻ സമ്മേളിച്ച സർവ്വകലാശാലാവിദ്യാർത്ഥികൾക്കു നൽകിയ ഉദ്ബോധത്തിൽനിന്നും നവീന ദേശീയ വിദ്യാഭ്യാസ പദ്ധതിയെ സ്പർശിക്കുന്ന പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

"കുട്ടികളെ, നിങ്ങൾ സംസ്കൃതം പഠിക്കണം. ഒപ്പം പാശ്ചാത്യവിജ്ഞാനവും നേടണം. സൂക്ഷ്മനിരീക്ഷണ സാമർത്ഥ്യം അതുകൊണ്ടുണ്ടാകും. പഠിക്കുവിൻ, യത്നിക്കുവിൻ എങ്കിലേ നിങ്ങളുടെ വംശചരിത്രത്തെ സൂക്ഷ്മദൃശ്യവും സുസ്ഥിരവുമായ അടിസ്ഥാനത്തിലുറപ്പിക്കുവാൻ നിങ്ങൾക്കു കഴിവുണ്ടാകൂ"

"ഭാരതത്തിന്റെ പുരാവൃത്തം ഇന്നു കുഴഞ്ഞുമറിഞ്ഞു കിടക്കുകയാണ്. കാലാനുക്രമികമായ സൂക്ഷ്മത അതിനില്ല. ഇംഗ്ലീഷുകാരാണു നമ്മുടെ ചരിത്രം എഴുതിയിട്ടുള്ളത്. (ജനതയെ അടക്കിഭരിക്കാൻ വഴിനോക്കുന്നവരാണ് അവർ) അവരെഴുതിയ ചരിത്രഗ്രന്ഥങ്ങൾ നമ്മുടെ മനോവീര്യം കെടുത്തുവാനുള്ളതാണ്. അങ്ങനെയല്ലാതിരിക്കാൻ തരമില്ലല്ലോ. നമ്മുടെ അധ:പതനം മാത്രമാണ് അവയിൽ ചിത്രീകരിക്കപ്പെടുന്നത്. നമ്മുടെ ധർമ്മനിഷ്ഠയെക്കുറിച്ചോ തത്വജ്ഞാനത്തെപ്പറ്റിയോ സദാചാരമര്യാദകളെ സംബന്ധിച്ചോ തരിമ്പുപോലും അറിവില്ലാത്ത പരദേശികൾക്ക് നമ്മുടെ രാഷ്ട്രീയചരിത്രമെഴുതുവാൻ എങ്ങനെ കഴിയും? പലതരത്തിലുള്ള തെറ്റിദ്ധാരണകളും യുക്ത്യാഭാസങ്ങളും അബദ്ധനിഗമനങ്ങളും അവയിൽ സ്വാഭാവികമായും കടന്നുകൂടിയിട്ടുണ്ട്. എന്നിരുന്നാലും നമ്മുടെ പുരാതനചരിത്രത്തിൽ ഗവേഷണം നടത്തേണ്ടതിന്റെ ആവശ്യവും പ്രസക്തിയും അതിനുള്ള വഴിയും യൂറോപ്യൻമാർ കാണിച്ചുതന്നിരുന്നു-ആകയാൽ ഇനിയിപ്പോൾ നാം ചെയ്യേണ്ടത് ചരിത്രരചനയിൽ ധീരവും സ്വാതന്ത്ര്യവുമായൊരു വിജ്ഞാനസരണി (Method of

Research) ആവിഷ്ക്കരിക്കുകയാണ്. നമ്മുടെ പുരാവൃത്ത പ്രതിപാദകങ്ങളായ ശ്രുതിസ്മൃതി പുരാണേതിഹാസങ്ങളെ നാം വഴിപോലെ പഠിക്കണം. എന്നിട്ട് അതിന്റെ ആസ്പദത്തിൽ പ്രമാണഭൂതവും പ്രമാദരഹിതവും ആത്മവീര്യോത്തേജകവുമായ പാരമ്പര്യ ചരിത്രം സമബുദ്ധിയോടെ നാം രചിക്കണം. ഭാരതീയർ തന്നെ വേണം ഭാരത ചരിത്രമെഴുതാൻ.

വിസ്മൃതിയിലാണ്ടു നഷ്ടപ്രായമായി കിടക്കുന്ന നമ്മുടെ അമൂല്യ ചരിത്ര സമ്പത്തിനെ സമുദ്ധരിക്കാനായിരിക്കട്ടെ, നിങ്ങളുടെ ഇനിയത്തെ യത്നമെല്ലാം. കാണാതെപോയ മകനെ കണ്ടുകിട്ടും വരെ വ്യഗ്രയായി തെരയുന്ന മാതാവിനുള്ള വ്യഗ്രതയോടുകൂടി നിങ്ങളും ഭാരതത്തിന്റെ മഹനീയ പുരാവൃത്തം ജനതാബോധത്തിൽ (National Consciousness) ഉണർന്നു പുനരുത്തേജിതമായി പ്രവർത്തിക്കുംവരെ നിരന്തരം യത്നിക്കുവിൻ: അതായിരിക്കും ജനതാഭ്യുദയഹേതുവായ യഥാർത്ഥ-ദേശീയ വിദ്യാഭ്യാസം (True National Education)

"അതിന്റെ പ്രചാരത്തോടുകൂടി യഥാർത്ഥ ദേശീയതയിൽ അധിഷ്ഠിതമായ ആത്മ വീര്യം ജനതയിൽ ഉദ്ബുദ്ധമാകും." അതിനാൽ--

"ഉത്തിഷ്ഠത, ജാഗ്രത, പ്രാപ്യവരാന്നിബോധത" (ഉണരൂ, എഴുന്നേൽക്കൂ, ലക്ഷ്യപ്രാപ്തിവരെ സോൽസാഹം പ്രയത്നിച്ചു മുന്നേറൂ!)

അന്വാഖ്യാനം. സംസ്കൃത പഠനം

ഭാരതത്തിലെ ജനങ്ങൾക്കു സ്വാമിജി നൽകിയിട്ടുള്ള ഉദ്ബോധനങ്ങളിൽ സർവ്വത്ര മുഴങ്ങികേൾക്കുന്ന കാഹളധ്വനിയാണിത്, "ഉത്തിഷ്ഠ ഭാരം, ഉത്തിഷ്ഠ,"

മേലുദ്ധരിച്ച വിവേകാനന്ദ സൂക്തികൾ, ആത്മക്ഷേമത്തിനും ദേശക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കാൻ കർത്തവ്യ ബദ്ധരായ ഭാരതത്തിലെ യുവജനങ്ങളാൽ നിത്യം അനുസന്ധേയങ്ങളാകുന്നു. 1891-ൽ നൽകപ്പെട്ട ഈ ഉദ്ബോധനം അന്നത്തെപ്പോലെതന്നെ ഇന്നും പ്രസക്തമാണ്.

**പുരോഗതി സ്വയം പരിശോധിക്കുക.**

1. എന്താണ് സംക്ഷിപ്തത?
2. സൂത്രവാക്യമെന്നാലെന്ത് ?
3. നിർവചിക്കുക — വിപുലനം, പരാവർത്തനം.

## 22.5. പാഠസംഗ്രഹം.

കഥയും, കവിതയും, ഉപന്യാസവും വായിച്ചാസ്വദിച്ചതിനുശേഷം സ്വന്തം ഭാഷയിൽ അവ എഴുതാനോ പറയാനോ ശ്രമിക്കുമ്പോൾ മനസ്സിലുള്ളത് പകർത്താൻ കഴിയുന്നില്ല എന്ന് തോന്നാം. പലേ കുറവുകളും അനുഭവപ്പെടും. ഒരു ആശയത്തെ വിപുലനം ചെയ്യാൻ തുടങ്ങുമ്പോൾ പദങ്ങൾ ശരിയായ വിധം തോന്നിയില്ലെന്നു വരാം. വലിയ ഒരു ഉപന്യാസം സംഗ്രഹിക്കാൻ തുനിയുമ്പോൾ പിഴവുകൾ പറ്റുന്നതായും അനുഭവപ്പെടാം. കാരണം തികഞ്ഞ ഭാഷാ സ്വാധീനം കൊണ്ടുമാത്രമേ ഇവയെല്ലാം ചെയ്യാൻ സാധിക്കുകയുള്ളൂ. സംക്ഷേപണം ഒരു കഴിവാണ്, കുറഞ്ഞ വാക്കുകളിൽ കൂടുതൽ കാര്യങ്ങൾ പറയാനുള്ള കഴിവ്. ഒരു വാക്യത്തേയോ, വാക്യഖണ്ഡത്തേയോ ആകർഷകമായും സ്ഫുടമായും വിശദമായും പ്രതിപാദിക്കുന്നതിനെയാണ് വിപുലനം എന്നു പറയുന്നത്. നല്ല വായനയും വിശകലനശേഷിയും ഉള്ളവർക്കേ ഇതിൽ വിജയം വരിക്കാൻ സാധിക്കൂ. ഒരാൾ പറഞ്ഞ കാര്യം സ്വന്തം ഭാഷയിൽ മറ്റൊരാൾ ഏറ്റക്കുറച്ചിൽ ഇല്ലാതെ പറഞ്ഞു മനസ്സിലാക്കിക്കുന്നതിനാണ് പരാവർത്തനം എന്നു പറയുന്നത്. സാമാന്യേന പദ്യഭാഗമാണ് പരാവർത്തം ചെയ്യപ്പെടാറുള്ളത്. സംക്ഷേപണവും വിപുലനവും, പരാവർത്തനവും ഭാഷാ കൈകാര്യം ചെയ്യുന്നവർ അറിഞ്ഞിരിക്കേണ്ടതാണ്.

## 22.6. പുരോഗതി പരിശോധിക്കുക.

1. എന്താണ് സംക്ഷിപ്തത ?
2. സൂത്രവാക്യമെന്നാലെന്ത് ?
3. നിർവചിക്കുക — വിപുലനം, പരാവർത്തനം.

## 22.7. പുരോഗതി സ്വയം പരിശോധിക്കുക.

1. കുറഞ്ഞ വാക്കുകളിൽ കൂടുതൽ കാര്യം പറയുന്ന രീതി.
2. അല്പാക്ഷരം.
3. ഒരു വാക്യമോ, വാക്യഖണ്ഡമോ ഉൾക്കൊള്ളുന്ന ഒരാശയം സ്ഫുടമായും വിശദമായും പ്രതിപാദിക്കുന്നത് **വിപുലനം.**
4. ഒരാൾ പറഞ്ഞ ആശയത്തെ മറ്റൊരാൾ തന്റെ ശൈലിയിൽ ഏറ്റക്കുറച്ചിൽ കൂടാതെ വിശദമാക്കുന്നത് **പരാവർത്തനം.**